# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **113/2026** തിരുവനന്തപുരം, തീയതി : **04/06/2026**

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ എംഎഡ് പ്രവേശനം – 2026 ജനറൽ/ കമ്മ്യൂണിറ്റി ക്വാട്ട /എസ്.സി/എസ്.ടി/ഭിന്നശേഷി വിഭാഗക്കാർ/ മറ്റ് സംവരണ വിഭാഗങ്ങൾ എന്നിവർക്ക് 08/06/2026 ന് സ്പോട്ട് അലോട്ട്മെന്റ്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ് / സ്വാശ്രയ കോളേജുകളിലെ ഒന്നാം വർഷ എംഎഡ് കോഴ്സിലേയ്ക്ക് 08/06/2026 ന് കേരളസർവകലാശാല സെനറ്റ് ഹാൾ, പാളയം തിരുവനന്തപുരം വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതാണ്. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട്, യോഗ്യത തെളിയിക്കുന്ന മാർക്ക് ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് **(Graduates of other Universities), Non Creamy Layer Certificate (for SEBC Candidates),** കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് **(SC, ST Candidates ) EWS** സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് **(for Differently Abled Candidates),** മറ്റ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് അനുമതിപത്രം **(authorization letter)** നൽകി പ്രതിനിധിയെ അയക്കാവുന്നതാണ്.

നിലവിൽ സർവകലാശാല അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരെ, റാങ്ക് ലിസ്റ്റിലെ വിദ്യാർത്ഥികളെ പരിഗണിച്ചതിനു ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ എല്ലാ അസൽ രേഖകളുമായി 2026 ജൂൺ 9,10 തീയതികളിൽ അതാത് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടതാണ്.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാല ഹിന്ദി പഠന വകുപ്പിൽ പിജി ഡിപ്ലോമ ഇൻ ട്രാൻസിലേഷൻ, അഡ്മിനിസ്ട്രേറ്റീവ് ഡ്രാഫ്റ്റിംഗ് ആന്റ് റിപ്പോർട്ടിംഗ് ഇൻ ഹിന്ദി കോഴ്സിലേക്ക് പ്രവേശനത്തിന് ഒഴിവുള്ള സീറ്റിലേക്ക് (SC-1) 08-06-2026 തീയതിയിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. യോഗ്യരായവർ അസ്സൽ സർട്ടിഫിക്കറ്റുമായി അന്നേ ദിവസം രാവിലെ 10 മണിക്ക് കാര്യവട്ടം ക്യാമ്പസ്സിലുള്ള ഹിന്ദി പഠന വകുപ്പിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഫോൺ : 9446291350, 0471-2308649, ഇ-മെയിൽ : hindi@keralauniversity.ac.in.

## ഉത്തരസൂചികകൾ പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയിലെ പഠന-ഗവേഷണ വകുപ്പുകളിലേക്കുള്ള പി.ജി., എംടെക്, എഫ്.വൈ.യു.ജി.പി. പ്രോഗ്രാമുകളിലേക്കുള്ള 2026-2027 അധ്യയന വർഷത്തെ പ്രവേശനത്തിനായി 2026 മെയ് 18 മുതൽ 21 വരെ കേരളത്തിലെ എട്ട് പരീക്ഷാ കേന്ദ്രങ്ങളിലായി നടത്തിയ പ്രവേശന പരീക്ഷകളുടെ ഉത്തരസൂചികകൾ അഡ്മിഷൻ പോർട്ടലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഉത്തരസൂചികകളിൽ എതിരഭിപ്രായമുള്ള ഉദ്യോഗാർത്ഥികൾക്ക് ഓരോ ചോദ്യത്തിനും ₹200/- ഫീസ് അടച്ച് പരാതി സമർപ്പിക്കാവുന്നതാണ്. പരാതികൾ ഫീസ് അടച്ച രസീതിന്റെ പകർപ്പു സഹിതം ഇ-മെയിൽ മുഖേന സമർപ്പിക്കണം. പി.ജി. പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട പരാതികൾ csspghelp2026@gmail.com ലേക്കും, എഫ്.വൈ.യു.ജി.പി. പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട പരാതികൾ cssfyugphelp2026@gmail.com ലേക്കും അയക്കേണ്ടതാണ്.

പരാതികൾ സമർപ്പിക്കേണ്ട അവസാന തീയതി 06-06-2026 വൈകുന്നേരം 5.00 മണി. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471-2308328, മൊബൈൽ : 9188524612.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**